# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

ഗവ. ന്യൂ എൽ.പി. സ്കൂൾ
വക്കം.

# ആമുഖം

പുസ്തകം ഏതൊരു വ്യക്തിയിലും അയാളുടെ ഭാവനയെ വലുതായി ചിന്തിക്കാൻ പരിശീലിപ്പിക്കുന്നു. അറിവ് വികസിപ്പിക്കുന്നതിനും നമ്മുടെ കാഴ്ചപ്പാട് സമ്പന്നമാക്കുന്നതിനും പുസ്തക വായനയിലൂടെ ഏതൊരാൾക്കും സാധിക്കുന്നു. ഒരു ഭാഷയിൽ എഴുതുന്നത് കാഴ്ചയിലൂടെയോ സ്പർശനത്തിലൂടെയോ മനസ്സിലാക്കുന്നതാണ് വായന. പരിശീലനവും, ശുദ്ധീകരണവും മെച്ചപ്പെടുത്തലും ആവശ്യമുള്ളതാണ് വായനാപ്രക്രിയ. ആശയം ഗ്രഹിക്കുന്നതിനും അർത്ഥം മനസ്സിലാക്കുന്നതിനും വിവിധ വായനതന്ത്രങ്ങൾ വായനക്കാരു/ കുട്ടികൾ എന്നിവർ ഉപയോഗിക്കുന്നു. അക്ഷരവിന്യാസം, അക്ഷരമാല, സ്വരസൂചകം, എന്നിവ പോലുള്ള നിരവധി മേഖലകൾ അടങ്ങിയതാണ് വായന. ഒരേ സമയം സങ്കീർണവും, ലളിതവുമാ കൂടിയാണ് വായന.

ഭാഷാ ശാസ്ത്രജ്ഞനായ വൈഗോഡ്സ്കിയുടെ ആശയങ്ങളെ മുൻനിർത്തി വായനയെയും അതിന്റെ പ്രാധാന്യത്തെയും പരിപോഷിപ്പിക്കുന്നതിനു വേണ്ടിയും കുട്ടികൾ കാര്യങ്ങൾ സ്വയം കണ്ടെത്തിൽ അവരുടെ ഭാഷയും ആശയവിനിമയ ശേഷി മെച്ചപ്പെടുത്തുന്ന തരത്തിൽ സ്കൂളിൽ ഓരോ ക്ലാസ്സിലുമായി വിവിധ തരത്തിലുള്ള പുസ്തകങ്ങൾ അടങ്ങുന്ന ക്ലാസ്സ് ലൈബ്രറികൾ സജ്ജമാക്കിയിട്ടുണ്ട്.

# നിർവഹണം

ക്ലാസ്സ് ലൈബ്രറികൾ കുട്ടികളുടെ മാനസികവും വൈജ്ഞാനികവുമായ തലങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ വളരെ വലുതാണ്. പഠനത്തിൽ വിരസത ഉണ്ടാകാതിരിക്കാൻ ക്ലാസ്സ് ലൈബ്രറികൾക്കും, അതിലെ പുസ്തകങ്ങൾക്കും സാധിക്കുന്നു. പഠനപ്രവർത്തനങ്ങളോട് പൂർണമായും ഇഴ ചേർന്നു നിൽക്കുന്നതും അവശ്യത്തിന് ഉള്ള അറിവാണ് നൽകുന്നതിനും സഹായകമായവയാണ് ഞങ്ങളുടെ ക്ലാസ്സ് ലൈബ്രറികളിലെ ഓരോ പുസ്തകങ്ങളും. 1- മുതൽ 4- വരെയുള്ള എല്ലാ ക്ലാസ്സ് മുറികളിലും വളരെ സുരക്ഷിതമായി പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കുന്നു. പ്രധാനമായി പാഠപുസ്തകത്തിലെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വരുന്ന പുസ്തകങ്ങൾ ആണ് ലൈബ്രറിയിൽ സജ്ജമാക്കിയിരിക്കുന്നത്.

*. ഞങ്ങളുടെ സ്കൂളിൽ ക്ലാസ്സ് ലൈബ്രറിയും അതിന്റെ പ്രവർത്തനങ്ങളും ചുവടെ പറഞ്ഞിരിക്കുന്നത് പോലെയാണ് സജ്ജമാക്കിയിരിക്കുന്നത്.

→ എല്ലാ ക്ലാസ്സ് റൂമുകളിലും ഓരോ ലൈബ്രറികൾ വീതം സജ്ജമാക്കിയിട്ടുണ്ട്.

→ ലൈബ്രറിയ്ക്ക് മുന്നിൽ ഒരു "ക്യാറ്റ് ലോഗ്" പതിപ്പിച്ചിട്ടുണ്ട് (സീരിയൽ നമ്പർ, പുസ്തകത്തിന്റെ പേര്, ഏത് വിഷയവുമായി/ ഏത് പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട പുസ്തകമാണ് എന്നിവ രേഖപ്പെടുത്തിയ ഒരു ഫോർമാറ്റ്)

→ ലൈബ്രറിയിലെ ഓരോ പുസ്തകങ്ങളും കൃത്യമായി വിതരണം ചെയ്യുന്നതിന് വേണ്ടിയും, പുസ്തകങ്ങളുടെ വിനിമയം അറിയുന്നതിന് വേണ്ടിയും ഒരു 'രജിസ്റ്റർ' തയ്യാറാക്കിയിട്ടുണ്ട്. ഈ രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ ആണ് പുസ്തകങ്ങൾ കുട്ടികൾക്ക് നൽകുന്നത്.

→ 1-ാം ക്ലാസ്സിൽ കൂടുതലും ചിത്രങ്ങൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ചേർന്ന് വരുന്ന വാക്കുകൾക്കും ഊന്നൽ നൽകുന്ന തരത്തിലുള്ള പുസ്തകങ്ങൾ ആണ് ,ക്രമീകരി-ച്ചിരിക്കുന്നത്. കുട്ടികളെ ആകർഷിക്കുന്നതിനും അവരുടെ അഭിരുചി അനുസരിച്ച് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. ചിത്രകഥകൾ ആണ് കൂടുതലായും ഒന്നാം ക്ലാസ്സിലെ ലൈബ്രറിയിൽ കാണാൻ സാധിക്കുന്നത്. ആനയും ഉറുമ്പും, വണ്ടാടിക്കാരു, എന്നീ ചില കഥകൾ അത്തരം ചിത്ര കഥകൾക്ക് ഒരു ഉദാഹരണമാണ്.

→ 2-ാം ക്ലാസ്സ് : 1-ാം ക്ലാസ്സിൽ നിന്നും അധികം വ്യത്യാസം വരാത്ത തരത്തിലുള്ള പുസ്തകങ്ങൾ ആണ് 2-ലെ ലൈബ്രറി-യിൽ ഉള്ളത്. ചിത്രകഥകൾ രണ്ടിലെ ലൈബ്രറിയിലും ഒരു പ്രധാന സ്ഥാനം കൈവരിക്കുന്നവ തന്നെയാണ്. അതുപോലെ തന്നെ കുട്ടിക്കവിതകളും. കഥകളും ഈ ലൈ-ബ്രറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും അല്ലാതെയും ലൈബ്രറിയിൽ നിന്ന് പുസ്തകൾ എടുക്കാറുണ്ട്. പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പുസ്ത-കങ്ങൾ തിരഞ്ഞെടുക്കുമ്പോൾ എല്ലാ കുട്ടികളിലും പുസ്തകത്തിലെ വിവരങ്ങൾ ലഭ്യമാകുന്നതിന് വേണ്ടി ഗ്രൂപ്പ് ചർച്ചകൾക്കാണ് പ്രാധാന്യം നൽകുന്നത്.

→ 3-ാം ക്ലാസ്സ്: ക്ലാസ്സ് കയറ്റവും കുട്ടികളുടെ നിലവാരവും ഉയരുന്നതിനനുസരിച്ച് ലൈബ്രറിയിലെ പുസ്തകങ്ങളിലും കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇവിടെ വിഷയാധിഷ്ഠിതമായ രീതിയിൽ പുസ്തകങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.
ഗണിതം, മലയാളം പരിസരപഠനം, ഇംഗ്ലീഷ് എന്നീ ഓരോ വിഷയങ്ങൾക്കായും പ്രത്യേകം പ്രത്യേകം പുസ്തകങ്ങൾ ഉണ്ട്. അത് കൂടാതെ കുട്ടികളുടെ ഇഷ്ടത്തിനനുസരിച്ച് വിവിധ കഥാപുസ്തകങ്ങളും, വിവരണങ്ങൾ, ജീവചരിത്രങ്ങൾ, ശാസ്ത്ര-ഗണിത-സാങ്കേതിക ചോദ്യോത്തരങ്ങൾ എന്നിവയടങ്ങിയ പുസ്തകങ്ങളും ലൈബ്രറിയിൽ സജ്ജമാക്കിയിട്ടുണ്ട്.
മലയാളം ഭാഷാപഠനത്തിനു വേണ്ടി, നിഘണ്ടു, പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾക്കനുസൃതമായി കടങ്കഥകൾ, നാടൻപാട്ടുകൾ, ചൊല്ലുകൾ, കവിതകൾ എന്നിങ്ങനെയുള്ള പുസ്തകങ്ങളും 3-ലെ ലൈബ്രറിയിൽ സജ്ജമാക്കിയിട്ടുണ്ട്.

→ 4-ാം ക്ലാസ്സ്: പഠനപ്രവർത്തനത്തിന്റെയും, മാനസിക ഉല്ലാസത്തിന്റെയും ഒരേപോലെയുള്ള വളർച്ചക്ക് ഉതകുന്ന തരത്തിലുള്ള പുസ്തകങ്ങൾ ക്രമീകരിച്ചിരിക്കുന്നു.
ജാതകകഥകൾ, നിഘണ്ടു (മലയാളം, ഇംഗ്ലീഷ്), ശാസ്ത്രജ്ഞന്മാർ, ജീവചരിത്രങ്ങൾ, നോവലുകൾ, ചെറുകഥകൾ എന്നിവയെല്ലാം അടങ്ങിയതാണ് 4-ലെ ലൈബ്രറി.

→ 3, 4, എന്നീ ക്ലാസ്സുകളിൽ ലൈബ്രറിയുടെ ചുമതല, ക്ലാസ്സ് ടീച്ചറിനെ കൂടാതെ ഒരു കുട്ടിയെയും കൂടി നിശ്ചിത കാലങ്ങളിലേക്ക് ഏൽപ്പിച്ചിരിക്കുന്നു.

→ നിശ്ചിത ഇടവേളകളിൽ ഓരോ ക്ലാസ്സിലും (3,4) ഒരു ലൈബ്രേറിയനെ തിരഞ്ഞെടുക്കുന്നു. അയാൾക്കായിരിക്കും ടീച്ചർ കഴിഞ്ഞാൽ ലൈബ്രറിയിലും ലൈബ്രറി പുസ്തകത്തിലും ചുമതല ഉണ്ടായിരിക്കുന്നത്.

→ സ്കൂൾ ലൈബ്രറിയുടെ വികസനത്തിനായി കുട്ടികൾ തന്നെ ചില പുസ്തകങ്ങൾ സംഭാവനയായി നൽകിയിട്ടുണ്ട്.

→ എല്ലാ ആഴ്ചകളിലും ഒരു നിശ്ചിത പിരീഡ് വായനയ്ക്കായി നൽകാറുണ്ട്.

# അപഗ്രഥനം

"കുട്ടികൾ ഒഴിഞ്ഞ പാത്രമല്ല" എന്ന പിയാഷെയുടെ വാക്കുകൾ കൊണ്ടാണ് ഞങ്ങളുടെ സ്കൂളിലെ ഓരോ ലൈബ്രറിയും അതിലെ പുസ്തകങ്ങളും പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾക്ക് ഒപ്പം നിന്നു കൊണ്ട് തന്നെ ഞങ്ങൾ ഓരോ അധ്യാപകരും അവർക്ക് വായനയിൽ ആവശ്യമായ എല്ലാ കൈത്താങ്ങും നൽകി അവരെ പ്രോത്സാഹിപ്പിക്കുന്നു. വിരസതയല്ല, മറിച്ച് വിനോദത്തിൽ നിന്നുവരുന്ന ബോധനമാണ് വായന എന്ന ധാരണ ഞങ്ങളുടെ കുട്ടികൾക്ക് ഇത്തരം ക്ലാസ്സ്/സ്കൂൾ ലൈബ്രറികളിലൂടെ മനസ്സി-ലാക്കി കൊടുക്കുന്നതിന് സാധിച്ചു. കുട്ടികൾക്ക് തങ്ങൾ ഒരു ഒഴിഞ്ഞ പാത്രമല്ല, എന്ന് മനസ്സിലാക്കി എടുക്കുന്നതിനും ലൈബ്രറിയും അതിലെ പുസ്തകങ്ങളും സഹായിച്ചു. ചുരുക്കത്തിൽ പറഞ്ഞാൽ വായനയിലേക്കുള്ള സ്വയം കണ്ടെത്തു-ന്നതിന് ക്ലാസ്സ് ലൈബ്രറികൾ കുട്ടികളിൽ നിർവഹിക്കുന്ന പങ്ക് വളരെയധികം വലുതാണ്.

# നിഗമനം

* സ്കൂൾ / ക്ലാസ്സ് ലൈബ്രറിയിൽ നിലവിലുള്ള പുസ്തകങ്ങൾ എല്ലാം തന്നെ കൃത്യമായി ക്രമീകരിച്ചിട്ടുണ്ട്.
* പഠനപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ കൂടുതൽ പുസ്തകങ്ങൾ ആവശ്യമായി വരുന്നു.
* പഠനപ്രവർത്തനങ്ങളുടെ ഇടവേളകളിലും ഒഴിവു സമയങ്ങളിലും അധ്യാപികയുടെ കൃത്യമായ മേൽനോട്ടത്തിലുള്ള പുസ്തക വായനയ്ക്ക് അവസരം ഒരുക്കണം.

# നിർദ്ദേശങ്ങൾ

* കുട്ടികളുടെ വായനയിൽ വീടുകളിൽ രക്ഷിതാക്കളുടെ നിരന്തരതയും കൃത്യവുമായ മേൽനോട്ടം അനിവാര്യമാക്കണം.
* പരമാവധി ക്ലാസ്സ് ലൈബ്രറി വിനിയോഗം ചെയ്യത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.
* ലൈബ്രറിയിൽ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്താം. (കുട്ടികളുടെ രചനയിലുള്ള കഥ, കവിത, ചിത്രങ്ങൾ, അനുഭവം etc.)
* ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ ക്ലാസ്സ് ലൈബ്രറി കുറച്ചു കൂടി ആകർഷകമാക്കാം.

# ദിനാചരണ റിപ്പോർട്ട്

**ഉദ്ദേശ്യം :-** പഠനനേട്ടങ്ങൾ ഉറപ്പാക്കുന്ന വിധത്തിൽ പഠനപ്രവർത്തനത്തിന്റെ ഭാഗമായിട്ടാണോ ദിനാചരണങ്ങൾ വിദ്യാലയത്തിൽ നടപ്പാക്കിയിട്ടുള്ളത്. അത്തരത്തിൽ നടപ്പാക്കിയ ദിനാചരണങ്ങൾ ഏതെല്ലാം? ഇതിലൂടെ കുട്ടിക്കുണ്ടായ പഠനമികവുകൾ ഏതെല്ലാം?

**ആമുഖം :-** പ്രധാന സംഭവങ്ങൾ
പ്രവർത്തനങ്ങൾ
വ്യക്തികൾ തുടങ്ങിയവയോടുള്ള ആദരവ്, പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടുള്ള വികാസം എന്നിവയാണ് ഓരോ ദിനാചരണങ്ങളും പൂർത്തിയാക്കപ്പെടുമ്പോൾ നടത്തപ്പെടേണ്ടത്. ഓരോ സംഭവങ്ങളുടെയും, കടന്നുപോകുന്ന ഓരോ ദിനത്തിന്റെയും, പല പ്രധാന പ്രവർത്തനങ്ങളുടെയും പ്രസക്തിയെന്താണെന്ന് വേണ്ട വിധത്തിൽ തിരിച്ചറിയാനുള്ള ഒരു സാധ്യതകൂടിയാണ് ഓരോ ദിനാചരണങ്ങളും. ഇത്തരത്തിൽ പാഠഭാഗങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള പഠനപ്രവർത്തനങ്ങൾ കൂടി സമായോജിപ്പിച്ച് സ്കൂളിൽ നടപ്പാക്കിയ ദിനാചരണപ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപമാണ് പ്രസ്തുത റിപ്പോർട്ട്.

## യൂണിറ്റ് - 5 ലോക പരിസ്ഥിതി ദിനം

"ബീറ്റ് പ്ലാസ്റ്റിക് പൊല്യൂഷൻ" അഥവാ പ്ലാസ്റ്റിക് മലിനീകരണം ചെറുക്കുക എന്നതാണ് ഈ വർഷത്തെ പരിസ്ഥിതി ദിന സന്ദേശം. ഭൂമിയുടെ ഏറ്റവും വലിയ ഭീഷണികളിലൊന്നായി പ്ലാസ്റ്റിക് മാറിയിരിക്കുന്നു. പ്ലാസ്റ്റിക് മലിനീകരണത്തിന് പരിഹാരം കാണാനും അതിന്റെ വിപത്തുകൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കാനുമാണ് ഈ വർഷം പരിസ്ഥിതി ദിനം കൊണ്ടാടിയത്.

### ദിനാചരണത്തിന്റെ ഭാഗമായി പഠനനേട്ടങ്ങളുമായി കോർത്തിണക്കി സ്കൂളിൽ നടന്ന പ്രവർത്തനങ്ങൾ :-

- വൃക്ഷത്തൈ നടൽ
- പരിസ്ഥിതി സംരക്ഷണ കഥ, കവിത, കടങ്കഥ, രചന & അവതരണം
- പോസ്റ്റർ രചന
- പരിസ്ഥിതി ദിന ഗാനരചനയും ആലാപനവും
- ഡസ്റ്റ്ബിന്നുകൾ സ്ഥാപിക്കൽ
- പ്രകൃതി നടത്തം

### കോർത്തിണക്കിയ പഠനനേട്ടങ്ങൾ

=> നാലാം ക്ലാസ്സിലെ പരിസരപഠനത്തിലെ ആദ്യ അധ്യായമായ വയലും വനവും എന്ന പാഠഭാഗത്തിൽ നിഷ്കർഷിക്കുന്ന

1) വനങ്ങളുടെ പ്രാധാന്യം തിരിച്ചറിയൽ, സംരക്ഷിക്കൽ

2) ചുറ്റുപാടുമുള്ള ആവാസവ്യവസ്ഥകളെ തിരിച്ചറിയൽ എന്നിവ കൈവരിക്കുന്ന തരത്തിലുള്ള പോസ്റ്റർ നിർമാണപ്രവർത്തനം.

=> ആവാസവ്യവസ്ഥയെ തകർക്കുന്ന മനുഷ്യന്റെ പ്രവർത്തികൾ തിരിച്ചറിയുകയും പരിഹാരം കാണുകയും ചെയ്യുക. മേൽപറഞ്ഞ പഠനപ്രവർത്തനത്തെ മുൻനിർത്തി

1) പരിസ്ഥിതി ദിന ഗാനരചന (അധ്യാപകരുമായി ചേർന്ന്)

2) വൃക്ഷത്തൈ നടൽ, വിതരണം എന്നീ പ്രവർത്തനങ്ങൾ നടന്നു.

3) മൂന്നാം ക്ലാസ്സിലെ 'പൂത്തും തളിർത്തും' എന്ന പാഠഭാഗത്തിൽ പരാമർശിക്കുന്ന 'സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക' എന്ന പഠന നേട്ടത്തെ മുൻനിർത്തി

- പൂന്തോട്ട നിർമ്മാണം, പരിപാലനം
- പച്ചക്കറിത്തോട്ട നിർമ്മാണം എന്നീ പ്രവർത്തനങ്ങളും

വരും ആഴ്ചകളിൽ നടന്നുപോകുന്നു.

മരങ്ങൾ നട്ടുപോരണത്തിന്റെ വളർത്തി വലുതാക്കാനും നന്നായി പരിപാലിക്കണം എന്ന ഉത്തരവാദിത്വംകൂടി കുട്ടികൾ ഏറ്റെടുത്തിന്നു എന്ന് ഉറപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഞങ്ങൾക്കായി.

## ജൂൺ - 19 വായനദിനം

കേരള ഗ്രന്ഥശാലാ സംഘത്തിന്റെ ഉപജ്ഞാതാവും പ്രചാരകനുമായ പി.എൻ. പണിക്കരെന്ന മലയാളിയുടെ ജന്മദിനമാണ് ദേശീയവായനാദിനമായി ആചരിക്കുന്നതെന്ന വസ്തുതയും വായനയുടെ പ്രാധാന്യം തിരിച്ചറിയാനുമുള്ള പ്രവർത്തനങ്ങളാണ് വായനാമാസാചരണത്തിന്റെ ഭാഗമായി നടന്നത്.

ദിനാചരണത്തിന്റെ ഭാഗമായി പഠനപ്രവർത്തനങ്ങൾ കോർത്തിണക്കി സ്കൂളിൽ നടന്ന പ്രവർത്തനങ്ങൾ :-

- പോസ്റ്റർ രചന
- വിവിധ വ്യവഹാരരൂപങ്ങളുടെ സ്വാംശീകരണം (കഥ, കവിത, വിവരണം, ലഘുലേഖ ... etc)
- മാഗസിൻ നിർമ്മാണം (കുട്ടികളുടെ കൈയെഴുത്ത് മാസിക)
- ലൈബ്രറി സന്ദർശനം

(രക്ഷിതാക്കളുടെ കൈയെഴുത്ത് മാസിക)